# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ:0481–2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 16**

---

## സൗജന്യ ജോബ് ഡ്രൈവ് നാളെ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോയും കോട്ടയം മോഡൽ കരിയർ സെൻററും സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ ജോബ് ഡ്രൈവ് നാളെ(ഒക്ടോബർ 18) നടക്കും.

സർവകലാശാലാ കാമ്പസിലെ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോയിൽ രാവിലെ 10ന് ആരംഭിക്കുന്ന ജോബ് ഡ്രൈവിൽ മുത്തൂറ്റ് മൈക്രോഫിൻ, ഇസാഫ് കോ-ഓപ്പറേറ്റീവ്, ഭക്ഷ്യോത്പന്ന സ്ഥാപനമായ പാരിസൺ ഗ്രൂപ്പ് എന്നിവയിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലുള്ള 125ഓളം ഒഴിവുകളിലേക്ക് യോഗ്യരായവരെ തിരഞ്ഞെടുക്കും.

പ്ലസ് ടൂ, ഐ.ടി.ഐ, ഡിപ്ലോമ, ഡിഗ്രി, ബി.ടെക്(മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കെമിക്കൽ, ഇൻസ്ട്രുമെൻറേഷൻ) എന്നീ യോഗ്യതകളുള്ളവർക്ക് പങ്കെടുക്കാം. ബയോ ഡാറ്റയുമായി രാവിലെ 9.30ന് രജിസ്ട്രേഷന് എത്തിച്ചേരണം. ഫോൺ–0481 2731025, 8075164727.

(പി.ആർ.ഒ/39/1239/2023)

## വിദ്യാർഥികൾ അഭിപ്രായ സ്വാതന്ത്ര്യം പ്രയോജനപ്പെടുത്തണം – സീമ ചിഷ്തി

അറിവുകളിലൂടെ കരുത്തു നേടാനും അഭിപ്രായ സ്വാതന്ത്ര്യം യഥാസമയം പ്രയോജനപ്പെടുത്താനും വിദ്യാർഥി സമൂഹം ജാഗ്രത പുലർത്തണമെന്ന് ദ വയർ എഡിറ്റർ സീമ ചിഷ്തി നിർദേശിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിയൻ സംഘടിപ്പിക്കുന്ന ത്രിദിന നാഷണൽ കോൺറൻസിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു അവർ.

യുവതലമുറയ്ക്ക് ഏറെ ആശയങ്ങളുണ്ട്. അറിയുവാനും കാലോചിതമായി ചിന്തിക്കുവാനും വിദ്യാർഥികൾക്കു മുന്നിലുള്ള സാധ്യതകൾ അതിവിപുലമാണ്. സ്വതന്ത്രമായി ചിന്തിക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും തെറ്റിനു നേരെ വിരൽ ചൂണ്ടുകയും ചെയ്യുന്ന സമീപനം നിലനിർത്താൻ കഴിയണം- സീമ ചിഷ്തി നിർദേശിച്ചു.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. യൂണിയൻ ചെയർപേഴ്സൺ ജിനീഷ രാജൻ അധ്യക്ഷത വഹിച്ചു. സർവകലാശാലാ സെനറ്റ് അംഗം ഡോ. എം.കെ. ബിജു. ഡിപ്പാർട്ട്മെൻറ് സ്റ്റുഡൻറ്സ് സർവീസസ് സെക്ഷൻ ഓഫീസർ ആൻറണി ജോസഫ്, സർവകലാശാലാ യൂണിയൻ ജനറൽ സെക്രട്ടറി യദുകൃഷ്ണൻ, കോൺഫറൻസ് കോ-ഓർഡിനേറ്റർ അശ്വിൻ രാജൻ വർഗീസ്, സർവകലാശാലാ യൂണിയൻ ജോയിൻറ് സെക്രട്ടറി വിഷ്ണു രാജ് എന്നിവർ സംസാരിച്ചു. കോൺഫറൻസ് നാളെ(ഒക്ടോബർ 18) സമാപിക്കും.

**ഫോട്ടോ ക്യാപ്ഷൻ.....**
മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിയൻ സംഘടിപ്പിച്ച ത്രിദിന നാഷണൽ കോൺഫറൻസ് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/1240/2023)

## ഓൺലൈൻ എം.കോം; ഒക്ടോബർ 20 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റെഗുലർ പ്രോഗ്രാമിനു തുല്യമായി യു.ജി.സി അംഗീകരിച്ച ഓൺലൈൻ എം.കോമിന് ഒക്ടോബർ 20 വരെ അപേക്ഷിക്കാം.വിദ്യാർഥികളുടെ സൗകര്യവും താത്പര്യവുമനുസരിച്ച് പഠിക്കാൻ കഴിയുന്ന കോഴ്സിൽ ചേരുന്നതിന് പ്രായപരിധി ഇല്ല. ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും അവസരമുണ്ട്.

കോഴ്സിൻറെ ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. നാലു സെമസ്റ്ററുകളായി ക്രമീകരിച്ചിരിക്കുന്ന രണ്ടു വർഷത്തെ പ്രോഗ്രാമിൻറെ വിശദാംശങ്ങൾ https://mguonline.ac/#/ എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ-9778429536. 9778429538.

(പി.ആർ.ഒ/39/1241/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി ബോട്ടണി സി.എസ്.എസ്(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021, 2020, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 30 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..............................
രണ്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ബേസിക്സയൻസ്–കെമിസ്ട്രി മെയിൻ(ന്യൂ സ്കീം–2022 അഡ്മിഷൻ റെഗുലർ –ഓഗസ്റ്റ് 2023)പരീക്ഷയുടെ കോംപ്ലിമെൻററി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 26 മുതൽ വിവിധ കോളജുകളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1242/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്(സപ്ലിമെൻററി, മെഴ്സി ചാൻസ്) മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ്, മാസ്റ്റർ ഓഫ് സയൻസ് ഇൻ ബയോ ഇൻഫർമാറ്റിക്സ് പരീക്ഷകളുടെ(നവംബർ 2022) ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 31ന് മുൻപ് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.................................

കഴിഞ്ഞ ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി, മോളിക്യുലാർ ബയോളജി ആൻറ് ജനറ്റിക് എൻജിനീയറിംഗ് പരീക്ഷകളുടെ (2021 അഡ്മിഷൻ റെഗുലർ, 2019–20 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 31 വരെ ഓൺലൈനിൽ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

.......................................

2022 ഒക്ടോബറിൽ വിജ്ഞാപനം ചെയ്ത രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി(2012 മുതൽ 2019 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെൻറ്, മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 28 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടോ തപാലിലോ നൽകാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.................................

ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്(റെഗുലർ, സപ്ലിമെൻററി) എം.എ ജേണലിസം ആൻറ് മാസ് കമ്യൂണിക്കേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 31ന് മുൻപ് ഓൺലൈനിൽ സമർപ്പിക്കണം.

........................

മൂന്ന്, നാല് സെമസ്റ്റർ സി.ബി.സി.എസ് ബി.എ(പ്രൈവറ്റ് രജിസ്ട്രേഷൻ, 2014–2016 അഡ്മിഷൻ സപ്ലിമെൻററി, 2012, 2013 അഡ്മിഷനുകൾ മേഴ്സി ചാൻസ്, ഫെബ്രുവരി–2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 31ന് മുൻപ് ഓൺലൈനിൽ അപേക്ഷ നൽകണം.

(പി.ആർ.ഒ/39/1243/2023)

## പരീക്ഷാ തീയതി

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി.എസ്.സി നഴ്സിംഗ്(2016 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷ ഒക്ടോബർ 25ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1244/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**